**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1646** | **04-02-2026 - ൽ മറുപടിയ്ക്ക്**

**കാർഷികമേഖലയുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യോൽപാദനവ ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന ആയതിലൂടെ കാർഷിക മേഖലയിര സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായ വിവിധ പദ്ധതികൾ കാർഷിക വികസ കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്നു. കാർഷിക വിളകളുടെ ഉല്പാദന വർദ്ധിപ്പിക്കുന്നതിനും ആയതിലൂ കർഷകരുടെ വരുമാനം മെച്ചപ്പെടുന്നതിനുമായ 2022-23 സാമ്പത്തിക വർഷം തൊ നടപ്പാക്കുന്ന പുതിയ പദ്ധതികളാ 'കൃഷിയിടാസൂത്രണാധിഷ്ഠിത വികസ സമീപന' (Farm Plan based Productio Programme) ത്തിൽ ഉൾപ്പെട്ട പദ്ധതിക കർഷകരുടെ വരുമാനം, സുസ്ഥിര ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നി മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വി കേന്ദ്രീകൃത സമീപനത്തിന്റെ (Crop Centri Approach) അപര്യാപ്ത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായ വിവേചനാപരവുമായി ഉപയോഗിക്കുന്നതിന ഉറപ്പായ വരുമാനം കർഷകർക ലഭിക്കുന്നതിനുമായി വി അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്ന കൃഷിയിടാധിഷ്ഠിത (Farm Centric) വികസ സമീപനത്തിലുള്ള പദ്ധതികൾ നടപ്പിലാക വരുന്നു. കൃഷി വകുപ്പിനോടൊപ്പം കേര കാർഷിക സർവ്വകലാശാല, കേര സാങ്കേതിക സർവ്വകലാശാല എന സ്ഥാപനങ്ങളും പദ്ധതിക്കുവേണ്ട സാങ്കേതി |

പിന്തുണ നൽകുന്നു.

വിള വിസ്തൃതി വർദ്ധനവും വികസനവും ലക്ഷ്യമി നെല്ല്, പച്ചക്കറി, നാളികേര സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങ പുഷ്പകൃഷി, ഔഷധസസ്യങ്ങൾ എന്നിവ പ്രോത്സാഹനം നൽകി വരുന്നു. തെങ്ങിൽ ഉല്പാദനവും ഉല്പാദനക്ഷമതയ വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീ വിളപരിപാലന മാർഗ്ഗങ്ങളും, കീടരോ നിയന്ത്രണ മാർഗ്ഗങ്ങളും നടപ്പിലാക്കുന്ന കേ രക്ഷാ വാരം പദ്ധതി നിലവി നടപ്പിലാക്കിവരുന്നു. ബഹുവിള കൃഷി (Mixe Cropping), ഇടവിള കൃഷി (Inter Cropping വില പരിക്രമണം (crop rotatior എന്നിവയിലൂടെ വിള വൈവിധ്യവത്കരണ പ്രോത്സാഹിപ്പിക്കുകയും അതുവ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക എന ലക്ഷ്യത്തോടെ 'വിള വൈവിധ്യവൽക്കരണ വിളതീവ്രത, അവതരണം' എന്ന പദ്ധ നടപ്പിലാക്കുന്നു.

ഗുണമേന്മയുള്ള വിത്തുകളും തൈകള നൽകുന്നതിനായി വകുപ്പ് തല ഫാമുകൾ ഇവയുടെ ഉല്പാദനത്തിനും വിതരണത്തിനു വേണ്ടി പ്രത്യേകം പദ്ധതി നടപ്പിലാക്കുന്നുണ്ട കൂടാതെ സംസ്ഥാനത്ത് ഉല്പാദനോപാധികളാ വിത്ത്, വളം, കീടനാശിനി, ജൈവ വളങ്ങ ജൈവകീടനാശിനികൾ എന്നിവയു ഗുണമേന്മ ഉറപ്പു വരുത്തുവാൽ വകുപ്പ ലാബുകൾക്ക് സഹായം നൽകുന്നതിനാ പ്രത്യേകം പദ്ധതി നടപ്പിലാക്കി വരുന്നു.

കാർഷിക രംഗത്തെ തൊഴിലാളി ക്ഷാ പരിഹരിക്കുന്നതിനായി കാർഷി യന്ത്രവത്കരണ മേഖലയിൽ അഗ്രോ സർവീ സെന്ററുകൾ, കാർഷിക കർമ്മസേനക കാർഷിക മേഖലയിൽ ഏകജാല സംവിധാനങ്ങളായ കൃഷിശ്രീ സെന്ററുക എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കാർഷിക മേഖലയി യന്ത്രോപകരണങ്ങളുടെ ഉപയോ വ്യാപിപ്പിക്കുക, കാർഷിക മേഖല ആവശ്യമായ സഹായങ്ങളും സേവനങ്ങ മിതമായ നിരക്കിൽ കർഷകർക്ക് നല്ക തൊഴിലാളി കുറവ് മൂലം തരിശായികിടക്കു കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷി മേഖലയിലെ ഉല്പാദനം, വിതരണം എന മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഇ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളി

ഉൾപ്പെടുന്നു. കൂടാതെ കേന്ദ്രാവിഷ്കൃ പദ്ധതിയായ SMAM (Sub Mission o Agriculture Mechanization) പദ്ധതിയിലൂ കർഷകർക്കും ഗ്രൂപ്പുകൾക്കും ആവശ്യമാ യന്ത്രങ്ങൾ ലഭ്യമാക്കുന്നു.

നഷ്ട സാധ്യത ലഘൂകരിക്കുവാൻ വേണ പുനരാവിഷ്കൃത വിള ഇൻഷുറൻസ് പദ്ധത പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനു കീടരോഗ നിയന്ത്രണത്തിനുമുള്ള അടിയന്ത പരിപാടി, വന്യമൃഗ ശല്യം ചെറുത നിൽക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാ സഹായത്തോട് കൂടി നടപ്പിലാക്കുന്ന പ്രത്യേ പ്രോജക്റ്റ്, എന്നിവ നടപ്പിലാക്കുന്നുണ്ട്.

നിലവിലെ സാഹചര്യത്തിലെ സാങ്കേതികവിദ്യാധിഷ്ഠിത സ്വഭാവ കണക്കിലെടുത്തുകൊണ്ട് നൂതന സാങ്കേതി വിദ്യയുടെ മേഖലയിലേക്ക് കേന്ദ്രീകൃ സാമ്പത്തിക സഹായവും ആവശ്യമാണ ഇതിന്റെ ഭാഗമായി ഇ ഓഫീസ് സംവിധാന AIMS പോർട്ടൽ, K SWIFT തുടങ്ങി വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങ നടപ്പിലാക്കി.

കാർബൺ തുലിത സംരംഭങ്ങൾ, കാര്യക്ഷമമാ ജല ഉപയോഗം, കൃത്യതാ കൃഷി, പുനരുപയോ ഊർജ സ്രോതസ്സുകളുടെ ഉപയോഗ വനവൽക്കരണ സംരംഭങ്ങൾ, ജൈവ-പ്രകൃ സൗഹൃദ സംരംഭങ്ങൾ, മണ്ണിന്റെ ആരോഗ പുനഃസ്ഥാപിക്കൽ എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റ് പ്രധാന മേഖലകൾ.

ജലസേചനം കാര്യക്ഷമം ആക്കുന്നതിനു കൃത്യമായ ജല വിനിയോഗത്തിലൂടെ കുറഞ്ഞ ചെലവിൽ ഉത്പാദനം ഉണ്ടാക്കുന്നതിനു നിശ്ചിത സ്ഥലത്ത് നിന്നും കൂടുതൽ ഉത്പാദന സാധ്യമാക്കുന്നതിനും നവീന ജലസേച രീതികളായ കണിക ജലസേചനം, സ്പ്രിംഗ്ല ജലസേചനം എന്നിവ കൃഷിയിടത്തിൽ സ്ഥാപിക്കുന്നതിന് കർഷകർക്ക് 55% വര ധനസഹായം നൽകുന്ന കേന്ദ്രാവിഷ്കൃ പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചാ യോജനയുടെ ഭാഗമായ പെർ ഡ്രോപ്പ് മോ ക്രോപ്പ് (Per Drop More Crop) പദ്ധ നടപ്പിലാക്കുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയയ ദേശീയ ഭക്ഷ സുരക്ഷ മിഷൻ നെൽകൃഷി, പയർ വർഗ്ഗ കൃഷ ചെറുധാന്യ കൃഷി എന്നി

പ്രോത്സാഹിപ്പിക്കുന്നതിനായാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. ഇതിന നെൽകൃഷി പാലക്കാട് ജില്ലയിൽ മാത്രവും പയ വർഗ്ഗ കൃഷിയും ചെറുധാന്യ കൃഷിയും എല്ല ജില്ലയിലും നടപ്പാക്കുന്നു. പദ്ധതി പ്രകാര നെൽകൃഷി പയർ വർഗ്ഗ കൃഷി എന്നിവയ്ക്കുള ധനസഹായം, ഉല്പാദനോപാധികൾക്കുള സഹായം, സ്പ്രേയർ, കാർഷിക പ്രദർശനത്തോട്ടം എന്നിവയ്ക്കായി ധനസഹായ ലഭ്യമാകുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിന ഉൾപ്പെടുത്തി ഹോർട്ടികൾച്ചർ വിളകളു ഗുണമേന്മയുള്ള നടീൽ വസ്തുക്കളു ഉത്പാദനവും വിതരണവും ഉത്പാദ വർദ്ധനവിനായി പുതിയ കൃഷിത്തോട്ടങ്ങ സ്ഥാപിക്കൽ, കൃഷിത്തോട്ടങ്ങളു പുനരുദ്ധാരണം, ജലസേചന സൗകര്യങ്ങ ഒരുക്കൽ, സംയോജിത സസ്യ സംരക്ഷണ മുറകൾ നടപ്പിലാക്കൽ, സംരക്ഷിത കൃഷ നടപ്പിലാക്കൽ, ജൈവ കൃഷ പ്രോത്സാഹിപ്പിക്കൽ, വിളവെടുപ്പാനന്ത പരിപാലനം, ഹോർട്ടികൾച്ചർമേഖലയിലെ യന്ത്രവത്കരണം, ഉത്പന്നങ്ങളുടെ നിലവാര മെച്ചപ്പെടുത്തുന്നതിനും ഉയർന്ന വി ലഭിക്കുന്നതിനും ഗ്രേഡിംഗ് പാക്കിങ് തുടങ്ങിയ നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗക വികസനം, ഗ്രാമീണ മാർക്കറ്റുകളു അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കൽ മാനവശേഷി വികസന ഘടകങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു. മാവ്, പ്ലാവ്, വാഴ കൈതച്ചക്ക, ടിഷ്യു കൾച്ചർ വാഴ, പപ്പായ സ്ട്രോബെറി എന്നീ ഫലവർഗ്ഗ വിളക കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, കറുവപ്പ ഗ്രാമ്പൂ എന്നീ സുഗന്ധ വ്യഞ്ജന വിളക കശുമാവ്, കൊക്കോ എന്നീ തോട്ടവിളക എന്നിവയാണ് പദ്ധതിയിന ഉൾപ്പെടുത്തിയിരിക്കുന്ന വിളകൾ. ഇത് കൂടാതെ പുഷ്പകൃഷിയും കൂൺ കൃഷിയും തേനീച്ച വളർത്തല ഈ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് കാർഷിക ഉൽപാദന വർദ്ധിപ്പിക്കുന്നതിനായി വി.എഫ്.പി.സി.കെ മുഖേന പദ്ധതി വിഹിതം ലഭ്യമാകുന്ന മുറ

നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവ
ചേർക്കുന്നു.

**സംസ്ഥാന സർക്കാർ പദ്ധതികൾ**

### 1. വി.എഫ്.പി.സി.കെ മുഖനയുള്ള പച്ചക്ക വികസന പദ്ധതി (1800 ലക്ഷം രൂപ)

മണ്ണിൻറെ ആരോഗ്യം ഉറപ്പാക്കി പഴം-പച്ചക്ക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും മ പരിശോധന നടത്തുന്നതിനും അതിൻപ്രകാര ആവശ്യമായ ദ്വിതീയ മൂലകങ്ങ സൂക്ഷ്മ62മൂലകങ്ങൾ, ഡോളോമൈ ബയോഫെർട്ടിലൈസറുകൾ, എന്നിവ 120 ഹെക്ടറിലേക്ക് ലഭ്യമാക്കുന്നതിനും പദ്ധതി.

കാർഷിക മേഖലയി യന്ത്രവൽക്കരണത്തിനായി 15.67 ലക്ഷ രൂപയുടെ പദ്ധതി.

പച്ചക്കറി വിളകളിൽ കൃത്യതാ കൃഷി 98.9 ഹെക്ടറിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായുള പദ്ധതി.

പന്തൽ സെമി പെർമനന്റ് പന്ത സൗരോർജ്ജ വേലി എന്നിവയ്ക്കായി 88.9 ലക്ഷം രൂപയുടെ പദ്ധതി.

പച്ചക്കറി ഉൽപാദനവും ഉൽപാദനക്ഷമതയ വർദ്ധിപ്പിക്കുന്നതിന് പച്ചക്കറി തൈക ഉൽപാദിപ്പിക്കുന്നതിനും കർഷകർക്ക് സൗജ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി.

ഹൈബ്രിഡ് പച്ചക്കറി കൃ പ്രോത്സാഹിപ്പിക്കുന്നതിന് ഹൈബ്രിഡ് പച്ചക്ക വിത്ത് പായ്ക്കറ്റുകൾ ലഭ്യമാക്കുന്നതിന അത്യൽപാദനശേഷിയുള്ള പച്ചക്കറി വിത്തുക ലഭ്യമാക്കുന്നതിനും പദ്ധതി.

ലളിതവും സുതാര്യവുമായ വ്യവസ്ഥയിr കർഷകർക്ക് കുറഞ്ഞ പലിശ നിരക്കി ബാങ്കിൽ നിന്നും വായ്പ സഹായ ലഭ്യമാക്കുന്നതിനും കൃത്യമായി പുതുക്കുന്നവർ 2% പലിശ സബ്സിഡി ലഭ്യമാക്കുന്നതിന പദ്ധതി. കർഷർക്ക് സാമൂഹിക സുരക്ഷ ഇൻഷ്വറൻസ് പദ്ധതി ലഭ്യമാക്കുന്നതിനുള സഹായം.

പുതിയ സാങ്കേതിക വിദ്യകൾ, പുത്ത വിളകൾ, വിളയിനങ്ങൾ തുടങ്ങിയ

കർഷകരിലേയ്ക്കെത്തിക്കുന്നതിന് ലഘുലേഖക
കാർഷിക മാസിക പ്രസിദ്ധീകരണ
പരിശീലനങ്ങൾ, പഠനയാത്രകൾ തുടങ്ങിയവ
സാമ്പത്തിക സഹായം.

80 സ്വാശ്രയ കർഷക സമിതികളു
വികസനത്തിനും, സ്ഥായിത്വത്തിന
സമതികളുടെ വിറ്റ് വരവിന് അനുസരിച്ചുള
പ്രവർത്തനസഹായം.

കിട്ടാക്കടം പിരിക്കുന്നതിനായുള്ള നിയ
നടപടിൾക്കും വിലവിവര ശേഖരണത്തിനും, ഭ്ര
തരം മാറ്റലിനും പദ്ധതി വിഹിതം.

സ്വാശ്രയ കർഷക സമിതികളു
അടിസ്ഥാനസൗകര്യ വികസനത്തിനു
മൂല്യവർദ്ധന യൂണിറ്റുകൾ, ഇൻകുബേഷ
സെൻററുകൾ, പായ്ക്ക് ഹൗസുകൾ എന്നിവ
പദ്ധതി സഹായം.

നേന്ത്രവാഴയുടെ കയറ്റുമതി അധിഷ്ഠി
ഉൽപാദന മുറകൾ നടപ്പിലാക്കി 80 ഹെക്ടറി
കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി.

പൈനാപ്പിളിന്റെ കയറ്റുമതി അധിഷ്ഠി
ഉൽപാദനമുറകൾ പ്രോത്സാഹിപ്പിക്കുന്നതിന
കടൽ മാർഗ്ഗമുള്ള ട്രയൽ കയറ്റുമതിയ്ക്കായുള
പദ്ധതി.

വി.എഫ്.പി.സി.കെ രൂപീകരിച്ച 41 ഫാർമ
പ്രൊഡ്യൂസർ കമ്പനികളു
ശാക്തീകരണത്തിനും ഇക്വിറ്റി ഗ്രാന്റിനു
പദ്ധതി സഹായം വകയിരുത്തിയിട്ടുണ്ട്.

**2. ഗുണമേൻമയുള്ള നടീൽ വസ്തുക്കളു ഉൽപാദനവും വിതരണവും (100 ലക്ഷം)**

ഗുണമേൻമയുള്ള പച്ചക്കറി വിത്തുകൾ, 5 ലക്ഷ
ടിഷ്യൂകൾച്ചൽ തൈകൾ, 50 ലക്ഷം പച്ചക്ക
തൈകൾ, 50 ലക്ഷം ഫലവൃക്ഷങ്ങളുടെ നടീ
വസ്തുക്കൾ, എന്നിവ ഈ പദ്ധ
സഹായത്തോടെ ഉൽപാദിപ്പിച്ച് വിതരണ
ചെയ്യുന്നതാണ്. വി.എഫ്.പി.സി.കെ മുഖേ
1000 കിലോ ഗുണ വിത്തുൽപാദിപ്പിച്ച് വിതരണ
ചെയ്യുന്നതിനും പദ്ധതിയിൽ തു
വകയിരുത്തിയിരിക്കുന്നു. കേരളത്തിലെ
കാലാവസ്ഥയ്ക്കനുയോജ്യമായ സങ്കരയിന
പച്ചക്കറി വിത്തുൽപാദനത്തിനും പദ്ധതി.

### 3. വി.എഫ്.പി.സി. കെ മുഖേനയുള്ള പഴവർ കൃഷി വികസന പദ്ധതി (25 ലക്ഷം)

കേരളത്തിന്റെ ഔദ്യോഗീക ഫലമായ ചക്കയു സംഭരണം വിപണനം മൂല്യവർദ്ധനം എന്നി നടപ്പിലാക്കുന്നതിനും വിപണന ശ്രുംഖല കൂട്ടുത വിപുലീകരിക്കുന്നതിനും, കയറ്റുമ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

### 4. വി.എഫ്.പി.സി.കെ മുഖേന പഴം-പച്ചക്ക വിപണനത്തിനുള്ള ധനസഹായം (500 ലക്ഷം)

കർഷകരുടെ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വി ലഭ്യമാക്കുന്നതിനും വില സ്ഥിരത ഉറ വരുത്തുന്നതിനുമായി കൗൺസിലിന ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന 296 സ്വാശ്ര സമിതികൾക്കായി 2025-26 സാമ്പത്തി വർഷം കൗൺസിൽ താഴെ പറയു പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തിയിട്ടുണ്ട്.

പുതിയ വിപണികളും കളക്ഷൻ സെൻററുകള ആരംഭിക്കുന്നതിനും നിലവിലുള്ളവയു പ്രവർത്തനം വിപുലീകരിക്കുന്നതിനും പദ്ധതി.

വില വിവര സെൻററിന്റെ പ്രവർത്തന അഗ്മാർക്ക് നെറ്റ് നോഡ്സ് എന്നിവ മുഖേ വില വിവര ശേഖരണം, ബ്രാൻഡഡ് ഔട്ട് ലെറ്റ കൗൺസിലിന് കീഴെയുള്ള പഴം-പച്ചക്ക മൂല്യവർദ്ധിത യൂണിറ്റുകൾ, തുടങ്ങിയവയുള അടിസ്ഥാന സൗകര്യ വികസനത്തിനും പദ്ധ സഹായം.

അഗ്രോ ക്ലിനിക്ക് സംഘടിപ്പിക്കുന്നതിനും അഗ്ര ഇൻപുട്ട് സെന്ററുകൾ സ്ഥാപിക്കുന്നതിനുമുള അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമാ പദ്ധതി സഹായം.

സ്വാശ്രയ കർഷക സമിതികളു ആധുനീകവൽക്കരണം, വിപണി ഓഡിറ്റിങ കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയവയ്ക്കും പദ്ധ സഹായം വകയിരുത്തിയിട്ടുണ്ട്.

വി.എഫ്.പി.സി.കെ സ്വാശ്രയ കർഷ സമിതികളുടെ പ്രവർത്തന ചെലവുക നിയന്ത്രിച്ച് കർഷകർക്ക് 3% വിലവ്യത്യാസ ലഭ്യമാക്കുന്നതിനും അതുവഴി സ്വാശ്രയ കർഷ സമിതികളുടെ സ്ഥായിത ഉറപ്പുവരുത്തുന്നതിനുമായി പദ്ധതി സഹായ വകയിരുത്തിയിട്ടുണ്ട്.

സ്വാശ്രയ കർഷക സമിതികളുടെ വിപണന വിപുലീകരിക്കുന്നതിന് കച്ചവടക്കാരിൽ നിന്നുള കിട്ടാക്കടം പിരിച്ചെടുക്കുന്നതിന് പ്രോത്സാഹനം

സ്വാശ്രയ കർഷക സമിതികൾ മുഖേ ആദ്യമായി വിപണനം നടത്തുന്ന കർഷ വിറ്റഴിക്കുന്ന ഉൽപ്പന്നങ്ങൾക്ക് 1 രൂപ/കിലേ എന്ന നിരക്കിൽ 2000 മെട്രിക് ടണ ഉൽപ്പന്നങ്ങൾക്ക് സെയ്ൽസ് പ്രമോഷ ഇൻസെൻറീവ്.

കേരള സർക്കാരിന്റെ അടിസ്ഥാന വി പദ്ധതിയിൽ ഉൾപ്പെടാത്ത ഉൽപന്നങ്ങൾ റിസ്ക് ഫണ്ട് പദ്ധതി.

പ്രാദേശികവും അല്ലാത്തതുമായ മൈന വിഭാഗത്തിൽ പെടുന്ന പഴവർഗ്ഗങ്ങളു സംസ്കരണത്തിനും വിപണനത്തിനുമുള പദ്ധതി.

അധിക ഉൽപാദനവും, വിലതകർച്ചയു നേരിടുന്ന ഘട്ടങ്ങളിൽ ഉൽപ്പന്നങ്ങളു കൈകാര്യം ചെയ്യലിനും ലോജിസ്റ്റി സഹായത്തിനുമുള്ള പദ്ധതി.

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകു നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതിക വാട്ടർഷെഡ് അടിസ്ഥാനത്തിലുള്ള വികസ പ്രവർത്തനങ്ങൾക്കും, മണ്ണിൻറെ ആരോ പരിപാലനത്തിനും ഭൂവിഭവസമാഹരണത്തിന ഊന്നൽ നൽകി 14 പദ്ധ ശീർഷകങ്ങളിലായി വിവിധ പദ്ധതിക നവകേരള സൃഷ്ടിക്കായി മണ്ണ് പര്യവേക്ഷണ മ സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നു. ഇതിൽ മ സംരക്ഷണ വിഭാഗം മുഖേന 9 പദ്ധതികളും മ പര്യവേക്ഷണ വിഭാഗം മുഖേന 5 പദ്ധതിക ഉൾപ്പെടുന്നു. തുടർപദ്ധതികളായ നബാർ സാമ്പത്തിക സഹായത്തോടെയുള നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണ് ജ സംരക്ഷണ പദ്ധതി (RIDF), മണ്ണിടിച്ചി പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധ ശുദ്ധജല വിതരണ സംഭരണികളുടെ വൃ പ്രദേശ സംരക്ഷണ പദ്ധതി, പരമ്പരാഗ ജലസ്രോതസ്സുകളുടെ പുനരുജ്ജീവന പദ്ധ സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസന പദ്ധ നബാർഡ് നിഡ (NIDA) സാമ്പത്തി സഹായത്തോടെ തളിപ്പറമ്പ് നിയോജ മണ്ഡലത്തിലെ 9 തദ്ദേശ ഭര

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധത ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടി, വിവ സാങ്കേതിക വിദ്യയുടെ ഉപയോഗം/പദ്ധ മേൽനോട്ടവും വിലയിരുത്തലും എന്നിവ മ സംരക്ഷണ വിഭാഗം മുഖേന തുടർപദ്ധതികളായ ലബോറട്ടറീസ്, മ പര്യവേക്ഷണ ഉദ്യോഗസ്ഥർക്ക് പരിശീലന സോയിൽ ഇൻഫർമാറ്റിക്സ് & പബ്ലിക്കേഷ സെൽ, സോയിൽ മ്യൂസിയം, ഭൂമിയു തരംതിരിവ് സംബന്ധിച്ച ഡാറ്റ ബാങ്ക്സൃഷ്ടിക്കൽ എന്നിവ മണ്ണ് പര്യവേക്ഷ വിഭാഗം മുഖേനയും നടപ്പിലാക്കുന്നു.<br><br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷ കേരളത്തിലെ ഹോർട്ടികൾച്ചർ വിളകളു ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി മിഷ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓ ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്ത ഗുണനിലവാരമുള്ള നടീൽ വസ്തുക്കളു ഉത്പാദനം, ഹോർട്ടികൾച്ചർ വിളകളു വിളവിസ്തൃതി വ്യാപനം, സംരക്ഷിത കൃഷ ഉത്പാദനം കുറഞ്ഞ തോട്ടങ്ങളു പുനരുദ്ധാരണം, ജലസ്രോതസുകളു നിർമ്മാണം മുതലായ ഘടകങ്ങൾ നടപ്പിലാക വരുന്നു. 2025-26 വാർഷിക കർമ പദ്ധതിയിൽ 4524.98 ലക്ഷം രൂപയുടെ പദ്ധ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയി ഉൾപ്പെടുത്തി സമഗ്ര കൂൺ ഗ്രാമം, ഫലവർ പോഷകത്തോട്ട വികസനം, കയറ്റുമര അധിഷ്ഠിത വാഴകൃഷി മുതലായ പദ്ധതിക നടപ്പിലാക്കി വരുന്നു. |
| (ബി) | നെൽകൃഷി സംരക്ഷിക്കുന്നതിനും കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) | സംസ്ഥാനവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ഘടകങ്ങൾ നെൽകൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനായി നടപ്പിലാക്കുന്നുണ്ട്.<br><br>സുസ്ഥിരനെല്ലുകൃഷി വികസന ഘടകത്തിൽ കൃഷിക്ക് ആവശ്യമായ അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ എന്ന നിരക്കിൽ ധനസഹായം കർഷകന് നൽകുന്നു. ഈ പ്രധാന ഘടകം കൂടാതെ, നെൽ പാടങ്ങൾ നിലനിർത്താനും നെൽകൃഷി പ്രോത്സാഹിപ്പിക്കാനും നെൽ വയൽ ഉടമകൾക്ക് ഹെക്ടർ ഒന്നിന് 3000/- രൂപ |

| | | | |
|---|---|---|---|
| | | | എന്ന നിരക്കിൽ റോയൽറ്റി, തരിശുനില കൃഷിയിലൂടെയും പ്രത്യേക നെല്ലിനങ്ങളുടെ കൃഷി പ്രോത്സാനഹനത്തിലൂടെയും നെൽകൃഷി വിസ്തൃതി വർദ്ധന പരിപാടികൾക്കുള്ള പ്രോത്സാഹനം, സംസ്ഥാനത്ത് ഗുണമേന്മയുള്ള് നെൽ വിത്തിന്റെ ലഭ്യത ഉറപ്പ വരുത്തുന്നതിനായി രജിസ്റ്റേർഡ് വിത്തുല്പാദന പരിപാടി, കോൾ നിലങ്ങളെ കൃഷി പ്രോത്സാഹനത്തിനായി ഓപ്പറേഷൻ ഡബിൾ കോൾ, പാടശേഖര സമിതികൾക്കും നെൽ വികസന ഏജൻസികൾക്കുമുള്ള സഹായം, പ്രോജക്ട് അടിസ്ഥാനത്തിൽ ബ്ലോക്ക്തല സംയോജനത്തോടെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, നെൽ കൃഷിയിൽ സൂക്ഷ്മ മൂലകങ്ങളുടെ പത്രപോഷണത്തിനുള്ള ധനസഹായം, എന്നിവയും നടപ്പിലാക്കി വരുന്നു.<br>പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 'ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട്' (RIDF) എന്ന പദ്ധതിയിലൂടെ സഹായം നൽകുന്നു.<br>കേരളത്തിൽ പ്രളയാനന്തര കാർഷിക മേഖല പുനരുദ്ധാരണ പദ്ധതിയിൽ (റീബിൾഡ് കേരള ഇനിഷിയേറ്റീവ്) ഉൾപ്പെടുത്തി നെൽകൃഷിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനും യന്ത്രവല്ക്കരണത്തിനും വേണ്ടി 'ചെങ്ങന്നൂർ സമൃദ്ധി - തരിശ്രൂഹിത ചെങ്ങന്നൂർ', 'തൃശ്ശൂർ പൊന്നാനി കോൾ നിലങ്ങളിലെ നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിന് വെള്ളപ്പൊക്കവും വരൾച്ചയും മറികടക്കാൻ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ', കൈപ്പാട് ജൈവ നെൽ കൃഷി വികസനം' എന്ന പദ്ധതികൾ നടപ്പിലാക്കുന്നു.<br>കേന്ദ്രാവിഷ്കൃത പദ്ധതികളായ 'നാഷണൽ ഫുഡ് സെക്യൂറിറ്റി മിഷൻ (NFSM)', 'രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)' എന്നീ പദ്ധതികളും നെൽ കർഷകർക്കു പ്രോൽസഹനം നൽകുന്നു.<br>കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സപ്ലൈകൊ വഴി സംഭരിക്കുന്നതിന് നെല്ല് സംഭരണത്തിനായി പ്രത്യേകം പദ്ധതി നടപ്പിലാക്കുന്നു. 01/11/2025 മുതൽ കിലൊ ഒന്നിന് 30/- രൂപ എന്ന ഉയർന്ന നിരക്കിലാണ് സപ്ലൈക്കൊ നെല്ല് സംഭരിക്കുന്നത്.<br>കൃഷിക്കാവശ്യമായ ജലസേചന സൗകര്യങ്ങൾക്ക് സഹായം നൽകുന്നതിനായി കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (സി) | കാർഷിക മേഖലയിലെ യുവജന പങ്കാളിത്തം വർധിപ്പിക്കുന്നതിനായി കൃഷി വകുപ്പ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കാർഷിക രംഗത്തേക്ക് കടന്നു വരുന്ന പുതി‍ തലമുറയെ കൃഷിയിലേക്ക് ആകർഷിക്കാ‍ നൂതന കൃഷിരീതികൾ, യന്ത്രവത്ക്കരണ വിപണനത്തിനുള്ള ആധുനിക സൗകര്യങ്ങ‍ മികച്ച വരുമാനം എന്നി‍ |

അത്യന്താപേക്ഷികമായ ഘടകങ്ങളാണ ഇവയെ അടിസ്ഥാനമാക്കിയുള പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക വരുന്നത്. കാർഷിക മേഖലയിൽ സ്റ്റാർട്ടപ്പുകളുമായി നിരവധി ചെറുപ്പക്കാ രംഗത്തുണ്ട്. കാർഷിക കർമ്മസേന കൃഷി ശ്ര സെന്റർ പോലെയുള്ള സംവിധാനങ്ങളിൽ പ്രവർത്തിക്കുന്നവരിൽ ഏറിയ കൂറും യുവര യുവാക്കളാണ്. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച ഫണ്ട് (AIF) പോലെയുള്ള പദ്ധതികൾ വ സംരംഭങ്ങൾ തുടങ്ങുന്നവരിലും ഭൂരിഭാഗവു ചെറുപ്പക്കാരാണ്. കൃഷിയെ ബിസിനെസ്സ് ആയ കാണുന്നവരിൽ ഭൂരിഭാഗവും ചെറുപ്പക്കാ ആണെന്ന് കാണാം.

യുവതലമുറയെ കൃഷിയിലേക്ക് ആകർഷിക്കാന കൃഷി സംസ്കാരത്തിന്റെ ഭാഗമാക്കാനുമെന ലക്ഷ്യത്തോടെ സംസ്ഥാനത്ത് "ഞങ്ങള കൃഷിയിലേക്ക്" എന്ന ജനകീയ പദ്ധര ആരംഭിക്കപ്പെട്ടു.
ഈ പദ്ധതിയിലൂടെ യുവാക്കളെയും സ്ത്രീകളെയു കൗമാരപ്രായക്കാരെയും കാർഷിക രംഗത്തേക ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്.
വിദ്യാർത്ഥികൾക്കും ഡിപ്ലോമ, ഡിഗ്ര വിദ്യാർത്ഥികൾക്കും കൃഷി വകുപ്പിലെ പ്രവർത്തനങ്ങൾ നേരിട്ട് പരിചയപ്പെടാനുള അവസരം നൽകുന്നതിനായി ഇന്റേൺഷി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൃഷിഭവനുകളു ഫീൽഡ് തല പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് കർഷകരുമായി ഇടപെടൽ പ്രായോഗിക പഠനം, പരിശീലനം തുടങ്ങി അവസരങ്ങൾ ഒരുക്കുന്നു.
യുവ തലമുറയെ ആകർഷിക്കുവാ നടപ്പിലാക്കുന്ന മറ്റൊരു പ്രധാന പദ്ധതിയാണ മൂല്യവർദ്ധനവിനുള്ള പദ്ധതി. എല്ല കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധന ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് സൂക ചെറുകിട ഇടത്തരം മൂല്യ വർധ സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധത എസ്.എഫ്.എ.സി. (Small Farmer Ag Business Consortium) മുഖേനയാണ് പദ്ധര നടപ്പാക്കുന്നത്. കർഷകരുടെ വരുമാന വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന കൃത്യത കൃഷി, പോളിഹൌസ് കൃഷി, മഴമ കൃഷി, ഹൈഡ്രോപോണിക്സ് എന്നിവയിൽ

| | | | |
|---|---|---|---|
| | | | എല്ലാം തന്നെ യുവതീ യുവാക്കൾ മുന്നോ വരുന്നുണ്ട്.<br><br>ഇത്തരത്തിൽ കാർഷിക മേഖലയിലെ യുവജ പങ്കാളിത്തം വർധിപ്പിക്കുന്നതിനായി കൃഷി വകു നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കാർഷിക മേഖലയിലെ യുവജന പങ്കാളിത്ത വർധിപ്പിക്കുന്നതിനായി സഹായിക്കു പ്രവർത്തനങ്ങൾ വകുപ്പിന്റെ പദ്ധതികളി ഉൾപ്പെടുന്നില്ല.<br><br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേ കാർഷിക മേഖലയിലെ യുവജന പങ്കാളിത്ത വർദ്ധിപ്പിക്കുന്നതിനായി സംരംഭകത്വ ആധുനിക കൃഷി രീതിയിലും ഊന്നിയ പദ്ധ ഘടകങ്ങൾ മിഷൻ ഫോർ ഇന്റഗ്രേറ്റ ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ച പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാ ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കി വരുന്നു കൂടാതെ, കാർഷിക മേഖലയിലെ യുവജ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി രാഷ്ട്രീ കൃഷി വികാസ് യോജന പദ്ധതിയി ഉൾപ്പെടുത്തി ക്ലൺ ഗ്രാമം, ഫലവർ പോഷകത്തോട്ട വികസനം, കയറ്റുമ അധിഷ്ഠിത വാഴകൃഷി മുതലായ പദ്ധതിക നടപ്പിലാക്കി വരുന്നു. |
| (ഡി) | ജലക്ഷാമവും കാലാവസ്ഥ വ്യതിയാനവും മൂലം കാർഷിക മേഖല നേരിടുന്ന വെല്ലുവിളികൾ മറികടക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ? | (ഡി) | ജലക്ഷാമവും കാലാവസ്ഥ വ്യതിയാനവും മൂലം കാർഷിക മേഖല നേരിടുന്ന വെല്ലുവിളികൾ മറികടക്കുന്നതിനായി പ്രത്യേക പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്.<br><br>ജലക്ഷാമം നേരിടുന്നതിനായി പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുറസ്സായ സ്ഥലങ്ങളിൽ കൃത്യത കൃഷിയ്ക്ക് ഹെക്ടർ ഒന്നിന് ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. ഓപ്പൺ പ്രെസിഷൻ ഫാർമിംഗ് പച്ചക്കറി കൃഷിയിൽ ജല ഉപയോഗത്തിൽ വലിയ നേട്ടം നൽകുന്നു. സെൻസറുകൾ, ഡാറ്റാ അനാലിറ്റിക്സ്, റിയൽ-ടൈം നിരീക്ഷണം എന്നിവ ഉപയോഗിച്ച് ഓരോ വിളയ്ക്കും ആവശ്യമായ അളവിൽ മാത്രം വെള്ളം നൽകാൻ സാധിക്കുന്നു. ഇതിലൂടെ അനാവശ്യമായ ജലച്ചെലവ് ഒഴിവാക്കുവാൻ സാധിക്കുന്നു. കൂടാതെ, കൃത്യമായ ജലവിതരണം വിളയുടെ വളർച്ചയും ഗുണമേന്മയും മെച്ചപ്പെടുത്തുകയും, രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.<br>ജലസേചനം കാര്യക്ഷമം ആക്കുന്നതിനും കൃത്യമായ ജല വിനിയോഗത്തിലൂടെ കുറഞ്ഞ ചെലവിൽ |

ഉത്പാദനം ഉണ്ടാക്കുന്നതിനും നവീന ജലസേചന രീതികളായ കണിക ജലസേചനം, സ്പ്രിംഗ്ലർ ജലസേചനം, റൈൻ ഗൺ എന്നിവ കൃഷിയിടത്തിൽ സ്ഥാപിക്കുന്നതിന് കർഷകർക്ക് 55% വരെ ധനസഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജനയുടെ (PMKSY) ഭാഗമായ പെർ ഡ്രോപ്പ് മോർ ക്രോപ്പ് (PDMC) പദ്ധതി നടപ്പിലാക്കുന്നുണ്ട്.

ഈ സാമ്പത്തിക വർഷത്തിൽ ഒരേക്കർ വരെ വിസ്തൃതിയുള്ള തെങ്ങിൻ തോട്ടങ്ങളിൽ സൂക്ഷ്മ ജലസേചന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് പിന്തുണ നൽകുന്നതിനായി പ്രത്യേക ഘടകം നാളികേര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഘടകത്തിന് കീഴിൽ നൽകാൻ ഉദ്ദേശിക്കുന്ന സഹായം ഏക്കറിന് 20000/- അല്ലെങ്കിൽ മൊത്തം ഇൻസ്റ്റലേഷൻ ചെലവിന്റെ 50% ആണ്. നാളികേര വികസന പദ്ധതിക്ക് കീഴിൽ നൽകുന്ന സഹായം കേന്ദ്രാവിഷ്കൃത പദ്ധതിയായ 'പെർ ഡ്രോപ്പ് മോർ ക്രോപ്പ്' എന്നതിന്റെ ടോപ്പ് അപ്പ് ആയി ഉപയോഗിക്കാം, അതുവഴി പദ്ധതി കൂടുതൽ ആകർഷകമാക്കാനും കേരളത്തിലെ നാളികേര കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കാനും വഴിയൊരുക്കുന്നു.

കാലാവസ്ഥ വ്യതിയാനം കാരണം അസമയത്തുള്ള മഴയും വരൾച്ചയും കൃഷിയെ സാരമായി ബാധിക്കുന്നു. പ്രകൃതിക്ഷോഭങ്ങൾ കാരണം സംഭവിക്കുന്ന കൃഷി നാശത്തിനെ ച്റുത്ത് നിൽക്കാനും നഷ്ട സാധ്യത ലഘൂകരിക്കുവാൻ വേണ്ടി പുനരാവിഷ്കൃത വിള ഇൻഷുറൻസ് പദ്ധതി, പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗ നിയന്ത്രണത്തിനുമുള്ള അടിയന്തര പരിപാടി, പുനരാവിഷ്കരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി (Restructured weather based crop Insurance) എന്നിവ നടപ്പിലാക്കുന്നുണ്ട്.

അധിക മഴയിൽ നിന്ന് വിളകളെ സംരക്ഷിക്കുക, രോഗബാധ കുറയ്ക്കുക, വിളവ് സ്ഥിരപ്പെടുത്തുക എന്നിവയിലൂടെ കാലാവസ്ഥാ പ്രതിരോധം വർദ്ധിപ്പിക്കുന്നതിന് പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മഴമറ കൃഷിയ്ക്ക് (Rain Shelter Farming) പ്രോത്സാഹനം നൽകി വരുന്നു. തീവ്ര കാലാവസ്ഥാ സംഭവങ്ങൾക്കുമെതിരായ ചെലവ് കുറഞ്ഞ പൊരുത്തപ്പെടുത്തൽ തന്ത്രമായി മഴമറകൾ പ്രവർത്തിക്കുന്നു.

കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള മറ്റൊരു സാങ്കേതികതയാണ് വനവൽക്കരണം. കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രോ ഫോറസ്റ്ററി (SMAF) എന്ന പദ്ധതിയിലൂടെ സുസ്ഥിരമായ കൃഷി രീതികൾ അവലംബിക്കുന്നതിന്റെ ഭാഗമായി കൃഷിയിടങ്ങളിൽ വരുമാനദായകവും ഉല്പാദന വർദ്ധനവിനും സഹായകമായ മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്നു. കർഷകർക്ക് അവശ്യമായ ഗുണമേന്മയുള്ള തൈകൾ ഉല്പാദിപ്പിക്കുന്നതിന് നഴ്സറികൾ സ്ഥാപിക്കുന്നതിന് സർക്കാർതലത്തിലും സ്വകാര്യമേഖലയിലും ധനസഹായം നൽകുന്നു.

നാനോ വളങ്ങളുടെ ഉപയോഗം കാലാവസ്ഥാ പ്രതിരോധം ശക്തിപ്പെടുത്തുന്നതിനുള്ള മറ്റൊരു മാർഗ്ഗമാണ്. ഇവയുടെ ഉപയോഗം പോഷകങ്ങളുടെ ഉപയോഗക്ഷമത മെച്ചപ്പെടുത്തുന്നു, ഹരിതഗൃഹ വാതക ഉദ്‌വമനം കുറയ്ക്കുന്നു, പാരിസ്ഥിതിക സമ്മർദ്ദം കുറയ്ക്കുന്നു, ക്രമരഹിതമായ മഴ, ചൂട്, ദുർബലമായ മണ്ണ് എന്നിവയ്ക്ക് വിളകളെ കൂടുതൽ അനുയോജ്യമാക്കുന്നു. പരമ്പരാഗത വളങ്ങൾക്ക് പകരം കാലാവസ്ഥാ-സ്മാർട്ട് ബദലായി അവ പ്രവർത്തിക്കുന്നു. നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഡ്രോൺ ഉപയോഗിച്ചുള്ള നാനോ വളങ്ങളുടെ പത്രപോഷണത്തിന് സഹായം നൽകി വരുന്നു.

ഹരിതഗൃഹ വാതക ഉദ്‌വമനം കുറച്ചും, കാർബൺ വേർതിരിവിലൂടെ മണ്ണിന്റെ ആരോഗ്യം വർധിപ്പിച്ചും, തീവ്രമായ കാലാവസ്ഥയിൽ കാർഷിക ഉൽപ്പാദനക്ഷമത സുസ്ഥിരമാക്കിക്കൊണ്ടും കാർബൺ ന്യൂട്രൽ കൃഷി കാലാവസ്ഥയെ പ്രതിരോധിക്കാൻ സഹായിക്കുന്നു. ഇത് ഫാമുകളെ ഭക്ഷ്യ ഉൽപ്പാദകരായും കാലാവസ്ഥാ ബഫറുകളായും മാറ്റുന്നു. കാർബൺ തുലിതാ കൃഷി രീതികൾ കർഷകർക്കിടയിൽ പ്രചരിപ്പിക്കാൻ പരിശീലന പരിപാടികൾ നടത്തി വരുന്നു.

ലോകബാങ്ക് ധനസഹായത്തോടെയുള്ള 'കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യ വർധിത ശൃംഖല നവീകരണ പദ്ധതി' (Kerala Climate Resilient Agriculture Value Chain Modernization Project) 2024-25 ൽ പ്രവർത്തനം ആരംഭിച്ചു. ചെറുകിട കർഷകർ, കാർഷിക അധിഷ്ഠിത സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, സ്റ്റാർട്ടപ്പുകൾ എന്നിവയിലൂടെ കേരളത്തിലെ ഭക്ഷ്യ-കാർഷിക മേഖലയുടെ വാണിജ്യവൽക്കരണം വർദ്ധിപ്പിക്കുകയും അത് വഴി പ്രാദേശിക സാമ്പത്തിക മേഖലയെ

ഉത്തേജിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

ഇത്തരത്തിൽ ജലക്ഷാമവും കാലാവസ്ഥ വ്യതിയാനവും മൂലം കാർഷിക മേഖല നേരിടുന്ന വെല്ലുവിളികളെ ചെറുത്ത് നിർത്താനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പ്രയത്നിക്കുന്നു.

കാർഷിക മേഖലയിലെ കുളങ്ങൾ, തടാകങ്ങൾ, മറ്റിതര ജലസ്രോതസുകൾ എന്നിവ സംരക്ഷിക്കുന്നതിനായി നബാർഡ് ധനസഹായത്തോടെയുള്ള 'RIDF പദ്ധതി', 'പരമ്പരാഗത ജലസ്രോതസുകളുടെ പുനരുജ്ജീവന പദ്ധതി' എന്നീ പദ്ധതികളിലൂടെ കുളങ്ങളുടെയും പരമ്പരാഗത ജലസ്രോതസുകളുടെയും നീരുറവകളുടെയും, ജലനിർഗ്ഗമന മാർഗ്ഗങ്ങളുടേയും നദികളുടെയും കൈവഴികളുടെയും പോഷണത്തിനും പുനരുജ്ജീവനത്തിനുമായുള്ള വിവിധ പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളിലൂടെ കുളങ്ങളിലും മറ്റും അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്യുക, പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കുക മുതലായ പ്രവർത്തനങ്ങൾ വഴി ജലസംഭരണശേഷി വർദ്ധിക്കുകയും കൃഷിയ്ക്കും ജലസേചനത്തിനും ജല ലഭ്യത ഉറപ്പുവരുത്തുന്നതിനും ജലക്ഷാമം പരിഹരിക്കുന്നതിനും സാധിക്കുന്നു. 'ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശം സംരക്ഷിക്കുന്നതിനുള്ള പദ്ധതി'യിലൂടെ തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഡാം, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ശുദ്ധജല തടാകം, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി ഡാം എന്നിവയുടെ വൃഷ്ടി പ്രദേശത്ത് വിവിധ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളും വകുപ്പ് നടപ്പിലാക്കി വരുന്നു. തത്ഫലമായി ജലസംഭരണികളിൽ എക്കൽ അടിയുന്നത് കുറയുന്നതിനും സംഭരണശേഷി നിലനിർത്തി സംരക്ഷിക്കുന്നതിനും സാധിക്കുന്നു. പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമ പഞ്ചായത്തിലെ രൂക്ഷമായ വരൾച്ച ശമിപ്പിക്കുന്നതിനും സമഗ്ര വികസനത്തിനുമായി ഭൂഗർഭ ജലവിതാനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നു.

വകുപ്പ് നടപ്പിലാക്കുന്ന നീർത്തട പദ്ധതികളിലെ വിവിധ പ്രവർത്തനങ്ങളായ കാർഷിക ഭൂമിയിലെ മണ്ണ് ജല സംരക്ഷണത്തിനായുള്ള കയ്യാലകൾ, ടെറസ്സുകൾ, ട്രെഞ്ചുകൾ, മഴക്കുഴികൾ, കാർഷിക വനവത്കരണം, മൺബണ്ടുകൾ, ജൈവവേലികൾ തുടങ്ങിയവയും നീർച്ചാൽ സംരക്ഷണാർത്ഥം നടപ്പിലാക്കുന്ന തടയണകൾ, പാർശ്വഭിത്തി സംരക്ഷണം, കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ മണ്ണൊലിപ്പിന്റെ തോത് കുറയ്ക്കുന്നതിനും

| | | | |
|---|---|---|---|
| | | | ജലാഗിരണശേഷി മെച്ചപ്പെടുത്തുന്നതിനും അതുവഴി ഭൂഗർഭ ജലവിതാനവും ജലലഭ്യതയും മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു.<br><br>മണ്ണ് പര്യവേക്ഷണ പഠനങ്ങളിലൂടെ കാലാവസ്ഥ, ഭൂപ്രകൃതി, മണ്ണിന്റെ സ്വഭാവം എന്നിവ പരിശോധിച്ച് ഓരോ പ്രദേശത്തിനും അനുയോജ്യമായ ഭൂവിനിയോഗം, വിളകൾ എന്നിവ നിർണയിക്കുവാൻ സാധിക്കുന്നു. മണ്ണ്, ജല സംരക്ഷണ പ്രവർത്തികളിലൂടെ മഴവെള്ളം പരമാവധി സംഭരിക്കുകയും മണ്ണ് പരിശോധന നടത്തി കർഷകർ വിളകൾക്കനുയോജ്യമായ വളപ്രയോഗ ശുപാർശകൾ നടപ്പിലാക്കുന്നതിലൂടെയും ഒരു പരിധി വരെ കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലങ്ങൾ ലഘൂകരിക്കാൻ സാധിക്കുന്നതാണ്.<br><br>ജലക്ഷാമവും കാലാവസ്ഥ വ്യതിയാനവും മൂലം ഹോർട്ടികൾച്ചർ മേഖല നേരിടുന്ന വെല്ലുവിളികൾ മറികടക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി ജലസ്രോതസുകളുടെ നിർമ്മാണം, സംരക്ഷിത കൃഷി (ഗ്രീൻഹൗസുകളുടെ നിർമ്മാണം, സംരക്ഷിത കൃഷി (ഗ്രീൻഹൗസുകളുടെ നിർമ്മാണം, തണൽ വലകൾ, മൾച്ചിംഗ് ഷീറ്റ്) മുതലായവയുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി വാഴ, പച്ചക്കറി വിളകളുടെ കൃത്യതാ കൃഷി പ്രചരിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ